Mr. S. Piraviperumal Pillai: Sir, I move that the Bill as amended be passed.

Mr. M. Govindan: I second it.

President: The motion before the House is that the Travancore Hindu Law of Inheritance (Amendment) Bill, as amended by the House be passed.

The motion was put to the vote of the House and carried.

President: The motion is carried and the Bill is passed.

THE TRAVANCORE CHRISTIAN SUCCESSION REGULATION (AMENDMENT) BILL.

President: We will now take up the first reading of the Travancore Christian Succession Regulation (Amendment) Bill by Mr. J. John Kattakayam. There is a similar Bill by Mr. E. P. Varghese also. The discussion of both of them will go on simultaneously.

I find that some honourable members have already spoken on these two Bills. They are Messrs. John Kattakayam, E. P. Varghese, N. Ramakrishna Pilla, Kayalam Parameswaran Pillai, Tariatu Kunjitommen, C. M. Joseph, K. George and K. P. Nilakanta Pillai.

The House will now resume the discussion of these two Bills.

Mr. K. P. Nilakanta Pillai: Sir, am I to continue?

President: You have already spoken. Those honourable members who have spoken cannot speak again. Those who had not spoken have a right to speak if they want to do so. Otherwise I will put the motion straightaway.

Mr. E. I. Mathew: Sir, I understand that there has not been any request from any considerable body of the community affected for such an amendment, and the ground covered by this amendment is one which was threshed out to a large extent at the time when the original law was passed.

Mr. E. P. Varghese: How many years back was it?

Mr. E. I. Mathew: In 1092, and it is not time to say whether the provisions work well or not.

Mr. E. P. Varghese: How long will it take?

Mr. E. I. Mathew: It must take at least a generation.

Mr. E. P. Varghese: What is the period of the generation?

Mr. E. I. Mathew: About 35 years.

There are many people who are of opinion that the amendment to these provisions ought to be in such a way as to restore the condition prior to the passing of this Bill. In fact I was one of those who took part in the discussion for retaining the previous practice

LIBRARY ARCHIVES Kerala Legislative Assembly

and I understand from several people who took part in the controversy that it would be the best policy for the community. If something different from the former practice, or something different from the law as it is passed has to be considered there should be evidence that a respectable body of the community desire such a change. So far as I have seen from the papers commenting on this Bill, there is no such evidence.

Mr. E. P. Varghese : Have any papers commented on these Bills?

Mr. E. I. Mathew : I think the Malayala Manorama has done it.

Mr. E. P. Varghese : Did it object or support it?

Mr. E. I. Mathew : It merely gave it as a piece of news. So long as the original Bill was taken up in response to a large volume of opinion, a change should not in my opinion be contemplated before there is a similar volume of opinion for it. I have already said that there is no such volume of opinion in favour of the change as now proposed. So, I object to the taking up of the Bill now.

President : Mr. John Kattakayam will speak now.

Mr. J. John Kattakayam : സർ, കഴിഞ്ഞ പ്രാവശ്യം മി: ഇ. പി. വറുഗീസിന്റെ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ഞാൻ അതിനെപ്പറ്റി സംസാരിച്ചില്ല. അതുകൊണ്ടു അതിനെപ്പറ്റി ഇപ്പോൾ സംസാരിക്കണമെന്നു വിചാരിക്കുന്നു. എന്റെ ബില്ലിനെപ്പറ്റി ഒടുവിൽ പറഞ്ഞുകൊള്ളാം. എന്റെ ബിൽ അവതരിപ്പിച്ചപ്പോൾ ഇങ്ങനെ ഒരു ബില്ലിന്റെ അത്യാവശ്യകത ഇല്ലെന്നാണ് മി. വറുഗീസ് അഭിപ്രായപ്പെട്ടതു. നിലവിലിരിക്കുന്ന നിയമങ്ങളിൽ യാതൊരു ഭേദഗതിയും വേണ്ടെന്നു പറഞ്ഞു. അതേ അവസരത്തിൽതന്നെ അദ്ദേഹം വേറൊരു ബിൽ കൊണ്ടുവരികയുംചെയ്തു. ഈ രണ്ടു ബില്ലുംകൂടി ഒരു മിച്ചുവന്നതുകൊണ്ടാണ് ഈ വിഷമം വന്നതു്. എന്റെ ബില്ലിനെപ്പറ്റി പ്രത്യേകമായി ആലോചിക്കണമെന്നപേക്ഷിച്ചിട്ട് അനുവദിച്ചില്ല. അധികം വിമർശനങ്ങൾ ഉണ്ടായിട്ടുള്ളതു മി. വറുഗീസിന്റെ ബില്ലിനെപ്പറ്റിയാണ്. സ്ത്രീധനത്തെപ്പറ്റിയുള്ള സംഗതിയാണ് ഇതിലുള്ളതു്. സ്ത്രീധനത്തെ പാടെ മാറ്റിക്കളയണമെന്നു എന്റെ ബില്ലിൽ പറയുന്നില്ല. സ്ത്രീധനത്തെപ്പറ്റി പറയുന്ന ഇപ്പോഴത്തെ നിർവചനം തന്നെ നോക്കാം.

"സ്ത്രീധനമെന്നാൽ സ്ത്രീക്കോ അവൾക്കുവേണ്ടിയോ അവളുടെ മാതാവിനോ അവരുടെ അച്ഛനോ മാതാവിനോ രക്ഷകനോ ആകട്ടെ, അവളുടെ അച്ഛന്റെയോ അമ്മയുടേയോ സ്വത്തിന്മേൽ അവകാശത്തിന്റെ നിവൃത്തിക്കായി അവളുടെ അച്ഛനോ അമ്മയോ ആകട്ടെ, അല്ലെങ്കിൽ അവരിൽ ആരുടെയെങ്കിലോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam]

രോ മരിച്ചതിൽപിന്നെ ആ അച്ഛന്റേയോ അമ്മയുടേയോ കീഴായി അവകാശപ്പെട്ടതായ വല്ല ആളോ സ്വകാര്യമായോ കൊടുത്തതോ കൊടുക്കാമെന്നു വാഗ്ദാനംചെയ്തതോ ആയ വല്ല പണമോ ആഭരണങ്ങളോ അല്ലെങ്കിൽ പണത്തിനോ ആഭരണങ്ങൾക്കോ പകരമായുള്ള വല്ല സ്ഥാവരമോ ജംഗമമോ ആയ സ്വത്തോ എന്നർത്ഥമാകുന്നു"

പിതാവു ജീവിച്ചിരിക്കുമ്പോൾ കൊടുക്കുന്നതായാലും സ്ത്രീധനമാണ്. സ്ത്രീധനമെന്ന പേർ മാറിയാൽ വസ്തു എന്നുവരും. സ്ത്രീധനമെന്നുള്ള പേരിനല്ലാതെ മറ്റൊന്നിനും അഭിപ്രായവ്യത്യാസംകാണുന്നില്ല. മി. വറുഗീസ് ലത്തീൻ കത്തോലിക്കനാണ്. അതുകൊണ്ട് ലത്തീൻ കത്തോലിക്കർക്കു വല്ല പ്രത്യേകതയും വേണമെങ്കിൽ അതിനു പര്യാപ്തമായ പല സംഗതികളും ഇപ്പോൾ ഉണ്ട്. അതു ഇപ്പോൾ നിലവരിക്കുന്ന ബില്ലിൽ നോക്കിയാൽ കാണാം. റഫ്രലേഷൻ നമ്പർ -ാംവകുപ്പിൽ ഇങ്ങനെ പറയുന്നു—

"ലത്തീൻ റീത്തുകാർ നടത്തിവരുന്ന റോമൻകത്തോലിക്കാ ക്രസ്ത്യാനികളിൽ ഏതു വഴക്കത്തോടെയിടയിലും കത്തനാർപ്പള്ളിയിലും കൊല്ലത്തും ചീരയിൻകീഴിലും തിരുവനന്തപുരത്തും വെണ്ണാറിൻകരയിലും മറ്റു താലൂക്കുകളിലും പാർക്കുന്ന ഏതു പ്രൊട്ടസ്റ്റൻറ് ക്രസ്ത്യാനികളുടെ ഇടയിലും മരണശാസനം ഏതുപ്രകാരത്തു മരിച്ചവന്റെ സ്വത്തിനെ അവനോ അവനായ അവകാശികളും പെണ്ണായ അവകാശികളും തുല്യമായി വിഭജിച്ചുകൊടുക്കുക നടപ്പുണ്ടോ അപ്രകാരമുള്ള ക്രസ്ത്യാനികൾക്കു മാത്രം, മറ്റുവർ ഈ വകുപ്പുമായി സംബന്ധിക്കുന്നതല്ല"

ഇതു ലത്തീൻ ക്രസ്ത്യാനികളെമാത്രം സംബന്ധിക്കുന്നതാകയാൽ എന്റെ ബിൽകൊണ്ടു അതിനു വിഷമം വരുകയില്ല. സ്ഥാവരജംഗമങ്ങളുടെ അവകാശത്തെയാണ് സ്ത്രീധനമെന്നു റഫ്രലേഷനിൽ പറയുന്നതു്. ഈ റഫ്രലേഷനെ ഭേദപ്പെടുത്തുന്നകാലംവരെ സ്ത്രീധനം എന്നുള്ളതു മുൻ പറഞ്ഞപോലെ മാത്രമേ ഇരിക്കുകയുള്ളൂ. മി. വറുഗീസ് ആഗ്രഹിക്കുന്നതുപോലെ വരികയില്ല. ഇൻഡ്യൻ ക്രസ്ത്യൻ പിൻതുടർച്ചാവകാശ റഫ്രലേഷൻകൊണ്ടും അങ്ങിനെതന്നെ കാണുന്നതു്. മി. വറുഗീസിന്റെ ബിൽ ഒ-ാഖണ്ഡിക നോക്കാം. ഡബ്ല്യു -ംവകുപ്പിൽ ഫസ്റ്റ-ാം വകുപ്പു "ടി" എന്നുകഴിഞ്ഞു് "മെയിൽ" എന്നുള്ള വാക്കു തള്ളിക്കളയുക. "ഡിവൈഡ്" എന്നുള്ള വാക്കു കഴിഞ്ഞു് "ഈക്വലി" എന്നുള്ള പദവും മിറർചെയ്യുക "ഒരു മകനു കിട്ടുന്നതിൽ രണ്ടിരട്ടിക്കൂടി ഒരു മകനു കിട്ടത്തക്ക കണക്കിൽ," എന്നുകൂടി ചേർക്കണം, എന്നാണ്. ഇങ്ങനെ ഭേദഗതിചെയ്താൽ വരുന്ന ഭാഗം താഴെപ്പറയുംപ്രകാരമാണ്.

"ഡബ്ല്യു. എ. ക്രസ്ത്യാനിവകുപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കു പുറമെ ഡബ്ല്യു -ാംവകുപ്പു് നിലനിൽക്കുന്നു പറയുന്നതായ അവകാശികൾക്കു് ഒരു മകനു കിട്ടുന്നതിൽ മുന്നിരട്ടി അവകാശം ഒരു മകനു കിട്ടത്തക്കവണ്ണം മരണശാസനം എഴുതാതെ മരിച്ച ആളിന്റെ വസ്തുക്കൾ മുഴുവനും വീതിച്ചു കിട്ടുന്നതാകുന്നു".

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഇരിക്കുന്ന നിയമത്തിൽ പറഞ്ഞിരിക്കുന്നതിന്റെ മുണ്ടിലൊന്നാക്കണമെന്നാണു ഈ ഭേദഗതിയിൽ പറയുന്നതു്. സ്ത്രീധനമെന്ന പേർ പാടില്ലാ എന്നുപറയുന്നു എങ്കിലും അതുതന്നെയാണു് മി. വറുഗീസിന്റെ ബില്ലിലും കാണുന്നതു്. ഇപ്പോഴത്തെ ഓർഡിനേഷൻ നമ്പ-ാംവകുപ്പിൽ ഇപ്രകാരം പറയുന്നു—

"മരണശാസനം എഴുതിവയ്ക്കാതെ മരിച്ചുപോകുന്നവന്റെ സ്വത്തിൽ പിതൃപ്രകാരമുള്ള ഓഹരിയിന്മേൽ അവന്റെ ഒരു കുഞ്ഞോ കുഞ്ഞിന്റെ വല്ല സന്താനമോ അവകാശപ്പെട്ടുപോകുന്നു മരണശാസനം എഴുതിവയ്ക്കാതെ മരിച്ചവൻ അവനെറ ജീവിതകാലത്തിൽ അപ്രകാരം അവശ്യപ്പെട്ടുന്ന കുഞ്ഞിനോ കുഞ്ഞിന്റെ സന്താനത്തിനോ അതിന്റെ അഭിവൃദ്ധിക്കായി കൊടുത്തിരിക്കയോ അല്ലെങ്കിൽ വിട്ടുകൊടുത്തിരിക്കയോ ചെയ്തിട്ടുള്ള വാതന്ത്ര്യണങ്ങളോ മറ്റുവസ്തുവിനെയോ പിതൃപ്രകാരമുള്ള ആ ഓഹരിയെ തിട്ടപ്പെടുത്തുന്നതിലേക്കായി കണക്കിൽ ചേർത്തുകൂടാ. എന്നുവരികിലും, ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കധീനപ്പെട്ടു, അങ്ങനെ കൊടുത്തിരിക്കുന്ന വല്ല സ്ത്രീധനത്തെയും അടുത്ത ഓഹരിയെ നിർണ്ണയിക്കുന്നതിൽ വകവയ്ക്കേണ്ടതാകുന്നു. എന്നാൽ അവൻ മുൻപിലെ സ്ത്രീധനമായി വാങ്ങിച്ചിട്ടുള്ള യാതൊന്നിനെയും കൂടെക്കൂട്ടി എണ്ണിക്കണമെന്നു അവനെ നിർബന്ധിക്കാതിരിക്കത്തക്കവണ്ണം വകവയ്ക്കേണ്ടതാകുന്നു.

Mr. K. P Nilakanta Pillai: ഈ തർജ്ജിമ ചെയ്തതു ആരാണു്?

Mr. J. John Kattakayam: മെമ്പറെപ്പോലുള്ള വിദ്വാന്മാർതന്നെയാണു് തർജ്ജിമചെയ്തിട്ടുള്ളതു്.

Mr. K. P. Nilakanta Pillai: കുഞ്ഞിന്റെ സന്താനം എന്നു പറഞ്ഞിരിക്കുന്നതിനു് എന്താണു അർത്ഥം?

President: Never mind, go on Mr. Kattykayam. Translation, good or bad, does not matter.

Mr. J. John Kattakayam: അതു പിശകായി പറഞ്ഞതായിരിക്കും. ഇപ്പോൾ ഇരിക്കുന്ന നാലിലൊന്നവകാശത്തെ അഭിവൃദ്ധിപ്പെടുത്തി മുന്നിലൊന്നാക്കണമെന്നാണു് പറയുന്നതു്. ഇങ്ങനെ അവകാശവർദ്ധന വേണമെങ്കിൽ അതു സമുദായത്തിന്റെ ആവശ്യവും അഭിപ്രായവും ആയിരിക്കണം ഇങ്ങനെ സമുദായത്തിനു അഭിപ്രായമുണ്ടെന്നു മെമ്പർ എങ്ങിനെ മനസ്സിലാക്കി എന്നു വെളിവാക്കിയിട്ടില്ല. അതു ഒരു പ്രശ്നം അല്ലായിരിക്കണം. ഇപ്പോഴത്തെ അവകാശം സുരക്ഷിതമല്ലാതിരിക്കുന്നതുകൊണ്ടു് അവകാശത്തെ സുരക്ഷിതമാക്കണമെന്നേ എനിക്കഭിപ്രായമുള്ളു.

Mr. C. M. Joseph (*Changanacherry cum Peermade*): സമുദായത്തിന്റെ അഭിപ്രായം വെളിവാക്കാതിരുന്നതു എന്തുകൊണ്ടാണു്?

Mr. J. John Kattakayam: എന്റെ ബില്ലിനെപ്പറ്റി പറയുമ്പോൾ ആ സംഗതി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

സ്ത്രീധനത്തിന്റെ അവകാശം വർദ്ധിപ്പിക്കേണ്ടയാവശ്യം സമുദായത്തിലില്ലെന്നാണ് എന്റെ അനേഷണത്തിൽനിന്നും മനസ്സിലായത്. സമുദായത്തിന്റെനിലക്കും ശക്തിക്കും കവിഞ്ഞരീതിയിലാണ്. ഇന്നു കുസ്തീനികളും സ്ത്രീധനവിഷയത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഇത്തീൻകത്തോലിക്കാ വിഭാഗക്കാർക്കു വല്ല പതിവോ നടപ്പോ ഉണ്ടെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കുന്നതിന് ഇപ്പോഴും തടസ്സമില്ല. നാലാം വകുപ്പിൽ ആ കുസ്തീനികളെ സംബന്ധിച്ചിടത്തോളം മുൻപുപറഞ്ഞ വകുപ്പുകളിൽ ഉള്ള യാതൊന്നും അവരുടെയിടയിൽ നടപ്പുള്ള ആചാരത്തെ ബാധിക്കുന്നതായി വിചാരിച്ചുകൂടാ. ബിൽ എഴാം ഖണ്ഡം ബീയിൽ കൊണ്ടു ചേർക്കാൻ പറയുന്നതും മുൻപു മൂന്നാംഖണ്ഡംകൊണ്ടു എടുത്തു കളയണമെന്നു പറഞ്ഞതുമായ സ്ത്രീധനം നാലാം വകുപ്പിന്റെ അന്തർഭാഗം മാത്രമാണ്. ഈ നിലക്ക് മെമ്പർ കൊണ്ടുവന്ന അമെൻഡുമെന്റിനു യുക്തിയുണ്ടെന്നുതോന്നുന്നില്ല.

സ്ത്രീധനമെന്ന പേരിനുമാത്രമേ വഴക്കമുള്ളു. ഈ അമെൻഡുമെന്റു കൊണ്ടുവരുന്ന ഏകവ്യത്യാസം ഒരു സ്ത്രീക്കു അവളുടെ മാതാപിതാക്കൾ കൊടുത്ത സ്വത്തിൽക്കൂടുതൽ അവളുടെ സ്ഥാവരവസ്തുവിനു വിലവരുമെങ്കിൽ ആ കൂടുതൽകൂടി ഈടാക്കാം എന്നുള്ളതാണ്. എന്നാൽ സാധാരണ നൂറിനു തൊണ്ണൂറിൻപതു കുടുംബങ്ങളിലും പെൺകുഞ്ഞുങ്ങൾക്കു ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നതു് അവരുടെ ശക്തിയിൽ കവിഞ്ഞതാണ്. നിവൃത്തിയില്ലാത്തവിധത്തിലുള്ള സ്ത്രീധനം കൊടുത്തു നശിക്കുന്നവരെപ്പറ്റി ഇവിടെ പറയേണ്ട ആവശ്യം ഇല്ല. ധൂർത്തിനെ നിയമംകൊണ്ടു നിയന്ത്രിക്കാൻ സാധിക്കുകയില്ല. ദൂരസ്ഥലങ്ങളിൽ വിവാഹാലോചനയിൽ പിരിഞ്ഞുപോകുന്ന പെൺകുട്ടികൾക്കു അവിടെ വസ്തുക്കൾ കിട്ടിയാൽ എന്താണു പ്രയോജനം? തിരുവനന്തപുരത്തുള്ള ഒരാൾ ഉത്തരതിരുവിതാംകൂറിൽ എവിടെയെങ്കിലും കല്യാണം കഴിക്കയും അവിടെ കുറെ ഉണ്ടു പുരയിടം കിട്ടുകയുംചെയ്താൽ ആ വസ്തുവിനു ന്യായമായ വിലകിട്ടുകയില്ലെന്നുള്ളതു തീർച്ചയാണ്. നേരേമറിച്ചു പണം കിട്ടിയാൽ അതുകൊണ്ടു വളരെപ്രയോജനമുണ്ടു്. തൽനിമിത്തം പെൺകുട്ടികൾക്കു അനുരൂപനായ വരനെ ലഭിക്കാൻ സാധിക്കുന്നതാണ്. ഈ ബിൽനിമിത്തം അനുരൂപനായ വരനെ കിട്ടാതെ വളരെ കഷ്ടപ്പെടേണ്ടിവരും. മി. ജോസഫ് പറഞ്ഞതുപോലെ ഇതു വക്കീലന്മാരുടെ തൊഴിലില്ലായ്മയെ പരിഹരിക്കാൻവേണ്ടി സൃഷ്ടിച്ചിട്ടുള്ളതാണെന്നു തോന്നുന്നു. ഒരുകുടുംബത്തിൽ നാലോ അഞ്ചോ പെൺമക്കളുണ്ടെങ്കിൽ ചെറിയ പുരയിടമായിരുന്നാലും അതിനെ കുറെയുണ്ടായി വളർത്തിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിവരികയും അതു വളരെ അസ്വാസ്ഥ്യങ്ങൾക്കു കാരണമാവുകയും ചെയ്യുന്നതാണ്. വ്യവഹാരങ്ങൾ വർദ്ധിക്കും. അതുകൊണ്ട് ഈ ബില്ലിനെ ഒരിക്കലും നിയമമാക്കാൻ പാടുള്ളതല്ല.

മരണശാസനംമൂലം വിനിയോഗം ചെയ്യാവുന്ന വസ്തുക്കളെ സംബന്ധിച്ചിടത്തോളം പൂർവികസ്വത്തും സ്വാർജ്ജിതസമ്പാദ്യവും തമ്മിൽ ഇതിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. എന്റെ പൂർവികസ്വത്തിനെ ഇഷ്ടംപോലെ ചെയ്യുന്നതിനുള്ള സർവസ്വാതന്ത്ര്യം ഇന്നുണ്ട്. ഹിന്ദുക്കളും മഹമ്മദീയരുമായി ഇതിൽ സംബന്ധിക്കുന്നതല്ല. ഈ റഗുലേഷനിൽ പറയുന്ന അളുകൾക്കു മരണശാസനം എഴുതിവക്കാതെ മരിച്ച ആളിന്റെ സ്വത്തിനു അയാൾ മരിക്കുന്നതുവരെ യാതൊരവകാശവും ഇല്ലാത്തതും ഈ റഗുലേഷനിൽ ബന്ധിക്കപ്പെട്ടാത്ത ഏതൊരു ക്രിസ്ത്യാനും അയാളുടെ സ്വത്തുക്കളെ ഇഷ്ടംപോലെ വിനിയോഗം ചെയ്യാവുന്നതുമാകുന്നു, എന്നു മി. വറുഗീസിന്റെ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന ഇതിന്റെ ആവശ്യമെന്താണ്? മാതാവിന്റെയോ പിതാവിന്റെയോ പൂർവാർജ്ജിതമോ സ്വയാർജ്ജിതമോ ആയ സ്വത്തുക്കളെ ഭോഗ്യപ്രകൃതിയായാൽ അതിനു സ്വാതന്ത്ര്യം ഉണ്ട്. അങ്ങനെകിട്ടാത്തഭോഗത്തെക്കുറിച്ച് ബിൽ കൊണ്ടുവരുന്നതിന്റെ ഉദ്ദേശം മനസ്സിലാകുന്നില്ല.

Mr. E. P. Varghese : ഇങ്ങനെ ഒരു നിയമം ഇപ്പോൾ ഉണ്ടോ?

Mr. J. John Kattakayam : നിയമങ്ങൾ എല്ലാം നോക്കീട്ടില്ല. ആസംഗതി വിവരമുള്ളവർക്കൊക്കെ അറിയാം. പ്രത്യേകിച്ചുള്ള സംഗതികൾക്കു നിയമത്തിന്റെ ആവശ്യമില്ല. ക്രിസ്ത്യാനിയായിത്തീർന്ന ഒരു ഹിന്ദുപിതാവിന്റെ കാര്യത്തെ ഉദ്ദേശിച്ചാണെങ്കിൽ അയാളുടെ അവകാശികളുടെ അവകാശം പിതാവിന്റെ സ്വത്തിലല്ല കുടുംബസ്വത്തിലാണ് സ്ഥിതിചെയ്യുന്നത്. അതിനെ വ്യത്യാസപ്പെടുത്താൻ മെമ്പർ കൊണ്ടുവന്ന ബിൽ ഉപകരിക്കുന്നില്ല.

Mr. E. P. Varghese : ഈ സംഗതിയെപ്പറ്റി ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടില്ലെന്നറിയാമോ?

Mr. J. John Kattakayam : ആ ഭാഗം ഇതിൽ അനാവശ്യമായി ചേർത്തിരിക്കുകയാണ്. അതിന്റെ മലയാളംകാപ്പി എന്റെ കയ്യിലുണ്ട്. അതിനെപ്പറ്റി പറയുമ്പോൾ അതുകൂട്ടൽ വ്യക്തമാക്കാം.

Mr. E. P. Varghese : ഏതുഭാഗമാണെന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: അതിനെപ്പറ്റി പറയാം.

ബില്ലിൽ ആറാംഖണ്ഡത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു അനാവശ്യമാണു്. റഗുലേഷൻ ഫൻ-ം, ഫ ൽ-ം വകുപ്പുംപ്രകാരം ഭാര്യയെ അതിജീവിക്കുന്ന ഭർത്താവിന്റെ അവകാശം വിശദമായിത്തന്നെയാണു് ഇപ്പോഴും ഇരിക്കുന്നതു്. അതുകൊണ്ടു് ആ ഖണ്ഡികയിൽ കൂട്ടിച്ചേർത്തിരിക്കുന്നതു നിരുപയോഗമായ പദാവലികളാണെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. അതനുസരിച്ചു് ഐക്കോടതിയിൽ വിധികർത്താവായിട്ടുണ്ടെന്നുള്ള സംഗതി നിയമവിദഗ്ദ്ധനായ മി. കയ്യാലം പരമേശ്വരൻ പിള്ളക്കുതന്നെ അറിയാമെന്നുള്ളതാണു്. റഗുലേഷൻ ഫൻ-ം ഫ ൽ-ം വകുപ്പുകൾ നോക്കാം.

ഫൻ-ാംവകുപ്പിൽ ഇങ്ങനെപറയുന്നു:—

മരണശാസനം എഴുതിവക്കാതെ മരിച്ചുപോകുന്ന സ്ത്രീധനത്തെ സംബന്ധിച്ചു് അവരുടെ വിധവക്കു് എന്തവകാശമുണ്ടോ അതിനുപുറമേ ഒരു സ്ത്രീമരണശാസനം എഴുതിവക്കാതെ മരിക്കുന്നതായാൽ, അവളുടെസ്വത്തിനെ സംബന്ധിച്ചു് അവളെ അതിജീവിക്കുന്ന ഭർത്താവിനും ഉള്ളതാകുന്നു.

ഈ ഭാഗത്തെന്നെയാണു മി. വറുഗീസും കോട്ടചെയ്തിരിക്കുന്നതു്.

"ഫന്നു—ഫ ൽ—ഫ ം—ഫഫ, ഈ വകുപ്പുകൾ അനുസരിച്ചു് ഒരു വിധവക്കോ അമ്മക്കോ അവകാശം സിദ്ധിക്കുന്നതായ വല്ല സ്ഥാവരവസ്തുവിന്മേലും അവൾക്കു് മരണത്തോടോ പുനർവിവാഹത്തോടോ അവസാനിക്കുന്നതായ ഒരു ജീവിതാവകാശം മാത്രം ഉണ്ടായിരിക്കുന്നതാകുന്നു. വിധവയുടെയോ അമ്മയുടെയോ നിയന്ത്രിതമായ അവകാശം ഉണ്ടായിരിക്കുന്നതായ സ്വത്തിനെ മരണശാസനം എഴുതിവെയ്ക്കാതെ മരിച്ചവനെ ആ ജീവിതാവകാശി അതിജീവിച്ചിരിക്കാതിരുന്നാൽ എന്നപോലെ ആ മരണശാസനം എഴുതിവെയ്ക്കാതെ മരിച്ചവന്റെ ക്രമാവകാശികളുടെ ഇടയിൽ വിഭജിക്കേണ്ടതാകുന്നു.

ഞാൻ ചുരുക്കത്തിൽ എല്ലാം പറയാം. എന്റെ ബില്ലിനെപ്പറ്റി അധികമൊന്നും പറവാനില്ല, അതുകൊണ്ടു് ഇതു കൂടി കേൾക്കണം. ക്രിസ്ത്യൻ സക്സെഷൻബിൽ പാസ്സായി, ഫ വ്യവർഷത്തെ പരിചയം നിമിത്തം അതിലുള്ള വ്യവസ്ഥകളിൽ ചിലതിനെ കുറെക്കൂടി സ്പഷ്ടവും വിശദവും ആക്കേണ്ടതു് ആവശ്യമാണെന്നു് അനുഭവംകൊണ്ടു തെളിഞ്ഞിരിക്കുന്നു എന്നു മി. വറുഗീസു പറയുന്നു. എന്തനുഭവമാണെന്നു് മനസ്സിലാകുന്നില്ല. സ്ത്രീകളുടെയിടയിൽ ഇന്നു സമതപ്രവാദം നടക്കുന്നുണ്ടെന്നു പറയുകയാണെങ്കിൽ അതു് ഈ നാലിലൊന്നുകൊണ്ടു് നിൽക്കുകയില്ല. ശരിയായ സമതപം തന്നെ വേണം. അങ്ങിനെ വേണമെന്നു മി. വറുഗീസു് പറയുന്നില്ല. കൊച്ചിയിൽ സ്ത്രീധനത്തെ സംബന്ധിച്ചു കുറെക്കൂടി ലിബറലൈസു ചെയ്തിട്ടുണ്ടെങ്കിൽ അതു് ഇവിടെയും സാദ്ധ്യമാ

LIBRARY ARCHIVES Kerala Legislative Assembly

ണോ എന്നു് സംശയമാണു്. സ്ത്രീധനത്തെപ്പറ്റി അന്യസ്ഥവിദ്യരായ കൃസ്തീയ സ്ത്രീകൾ ശ്രക്ഷമായി അധിക്ഷേപിച്ചിട്ടുണ്ടെന്നു പറയുന്നു. അങ്ങിനെ ഒരിക്കലും അധിക്ഷേപിച്ചിട്ടില്ല. അതു വേണ്ടാതാണെന്നു തന്നെ പറയുന്നുണ്ടു്. മാതാപിതാക്കന്മാരുടെ കുടുംബാവകാശം വേണമെന്നുപറയുന്നതല്ലാതെ സ്ത്രീധനം വേണ്ടെന്നു പറയുന്നില്ല. പരിഷ്കൃത മനസ്സോടു കൂടിയ സമുഹത്തിനു് ചേരാത്തതാണു് സ്ത്രീധനം ഏർപ്പാടു എന്നു ഇതിനകം എല്ലാവരും സങ്കൽപിച്ചുകഴിഞ്ഞു എന്നു പറയുന്നു. പ്രകൃതിയുടെ രീതി അനുസരിച്ചു നോക്കിയാലും ആണിനേയും പെണ്ണിനേയും ഒരുപോലെ ഗണിക്കാൻ സാധിക്കയില്ലെന്നു കാണാവുന്നതാണു്. ഇവരുടെ സൃഷ്ടിയിൽ തന്നെ വളരെ വ്യത്യാസം ഉണ്ടു്. ഒരാളിന്റെ മക്കളിൽ എല്ലാവരോടും തന്നെ പിതാവിനു സ്നേഹമാണെന്നിരുന്നാലും അവരിൽ ചിലരോടു പ്രത്യേകം സ്നേഹവും അനുകൂല്യവും കാണിച്ചു വരുന്നതായി അനുഭവത്തിൽ നമുക്കു എല്ലാവക്കും അറിയാവുന്നതാണു്.

Mr. E. P. Varghese: അവരുടെ അവകാശം പ്രത്യേകം ആക്കുന്നതുകൊണ്ടെന്താണു് വിരോധം?

Mr. J. John Kattakayam: വസ്തുക്കളുടെ വിഭജനം നിമിത്തം വളരെ വ്യഷമം ഉണ്ടാകും.

Mr. E. P. Varghese: വസ്തുക്കൾ എടുക്കരുതെന്നു ഇതിൽ പറയുന്നില്ല

Mr. J. John Kattakayam: സ്ത്രീധനം പാടില്ലെന്നു പറയുന്നു. ഇൻഡ്യൻ സക്സഷൻ ആക്ടറ്റപ്രകാരം സമാവകാശം ഇവിടെയുള്ള ഭൂരിപക്ഷം കൃസ്ത്യാനികളും അനുകരിച്ചു പോരുന്നു എന്നു പറയുന്നു. എന്നാൽ വാസ്തവം അങ്ങനെയല്ല. തിരുവിതാംകൂറിലും കൊച്ചിയിലും അങ്ങനെ ചെയ്യുന്നില്ല. ഇവിടെയുള്ളവർ ഇൻഡ്യൻ കൃസ്ത്യാനികളല്ല, സിറിയൻ കത്തോലിക്കരാണു്. ഇവർക്കു തമ്മിൽ വളരെ വ്യത്യാസമുണ്ടു്.

Mr. E. P. Varghese: സിറിയൻ കത്തോലിക്കക്കു വ്യത്യാസമില്ലേ?

Mr. J. John Kattakayam: ഉണ്ടു്.

സാമൂഹ്യ നിയമത്തിൽ പഴയ മാമൂലുകളെ പരിപാലിക്കുന്ന ഒരു സമൂഹത്തിന്റെയും പുരോഗതിയെ പ്രാപിക്കുന്നതായ ഒരു സമൂഹത്തിന്റെയും മദ്ധ്യേക്കുടി പോകണമെന്നു പറയുന്നു. അങ്ങിനെയാണെങ്കിൽ ര

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam]

ണ്ടിനേറയും ഉപരിയായിട്ടാണ പോകേണ്ടതു്. മാതാപിതാക്കന്മാക്ക ഈ സ്ത്രീധനമേർപ്പാട്ട് ഉപദ്രവമെന്ന പറയുന്ന. എന്തുപദ്രവമാണെന്ന് പറയുന്നില്ല. എന്റെ സമുദായത്തിലുള്ളവർ ഇതുപദ്രവകരമാണെന്ന ഇതുവരെ ആരും പറഞ്ഞിട്ടില്ല. ആൺമക്കളുടെ അവകാശത്തിന്റെ മുന്നിലാണ് പെൺമക്കൾക്ക് നിശ്ചയിച്ചിരിക്കുന്നതു്. കൊച്ചിയിലുള്ള നിയമത്തെ അതേതുപത്തിൽ പകർത്തിവച്ചിരിക്കുകയാണ ചെയ്യുന്നതു്. ഈ ബില്ലിന്റെ ആവശ്യം ഇവിടെ ഇല്ല.

ഇനി എന്റെ ബില്ലിനെപ്പറ്റി പറയാം. എന്റെ ബിൽ സെലക്ട് കമ്മറ്റിക്കു ഇതിനു മുമ്പേ പോകേണ്ടതായിരുന്ന. ഈ രണ്ടു ബില്ലും കൂടി ഒരുമിച്ചു ആലോചനയ്ക്കെടുത്തതു കൊണ്ടാണ് ഈ കുഴപ്പം വന്നിട്ടുള്ളതു്.

Mr. Govindan (*Nominated*): മെമ്പർ ഈ ബില്ലിൽ പെണ്ണുങ്ങളുടെഅവകാശം കൂട്ടുകയാണൊ അതല്ല കുറക്കുകയാണൊ ചെയ്യുന്നതു്?

Mr J. John Kattakayam: പെണ്ണുങ്ങളുടെ അവകാശം കൂട്ടുകയോ കുറക്കുകയൊ ചെയ്യുന്നില്ല. ഇപ്പോഠം കൊടുത്തിരിക്കുന്ന അവകാശത്തെ സുരക്ഷിതമാക്കണമെന്നേ എനിക്കഭിപ്രായമുള്ളു.

Mr. M. Govindan : ക്രസ്ത്യൻസക്സഷൻറഗുലേഷൻ ൨൪-ാം വകുപ്പുപ്രകാരം നാലിലൊന്നു കിട്ടാതാകുന്നതിനുള്ള പ്രതിബന്ധങ്ങളെ ഇല്ലാതാക്കി അതിന്റെ വാഗ്ദത്തയെ വർദ്ധിപ്പിക്കണമെന്നുള്ളതല്ലേ സ്ത്രീധനത്തെപ്പറ്റി മെമ്പർക്കുള്ള വിവരണം?

Mr. J. John Kattakayam: ചോദ്യം മനസ്സിലായില്ല.

Mr. M. Govindan : റഗുലേഷൻ ൨൪-ാം വകുപ്പും പ്രകാരം ചില അവകാശങ്ങളും കിട്ടീട്ടുള്ളവർക്കു നാലിലൊന്നു ഓഹരി കിട്ടുന്നതല്ലെന്നു വ്യവസ്ഥയില്ലേ?

Mr. J. John Kattakayam : ചിലപ്പോൾ നാലിലൊന്നുകിട്ടുന്നില്ല. കിട്ടുന്നതുക ൪൦൦൦ രൂപയിൽ കവിയാൻ പാടില്ലാ. പ്രായേണ പുരുഷന്മാരേക്കാളും കൂടുതലായി കൊടുത്തുവരുന്നുണ്ട്. സ്ത്രീധനത്തെ സംബന്ധിച്ചാണ് പറയുന്നതു്. ആ പദത്തിനുപകരം ഇഷ്ടമുള്ള പേരു കൊടുക്കാം.

Mr. M. Govindan : ൨൪-ംവകുപ്പിൻപ്രകാരം സ്ത്രീധനം കിട്ടിയിട്ടുള്ള അംഗങ്ങൾക്ക് മരിച്ചവന്റെ വസ്തുക്കളെ ഭാഗിക്കുമ്പോൾ അവകാശപ്പെടാൻ പാടില്ലെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: അറയാം പിതാവു ജീവിച്ചിരിക്കുമ്പോൾ എത്ര സ്ത്രീധനം കൊടുത്താലും പിന്നീട് സ്ത്രീധനമായി കൊടുക്കേണ്ടതില്ല.

Mr. M. Govindan: സ്ത്രീധനമെന്നുള്ള വിവരണത്തിൽ ഇന്നയിന്ന ഇനമെല്ലാം ഉൾപ്പെടുത്തണം. അതായതു മുൻപുള്ളതൊ കൂടുതലായിട്ടു കൊടുക്കുന്നതാ എല്ലാം തന്നെസ്ത്രീധനമാണെന്നു വ്യവസ്ഥ ചെയ്താൽ അവകാശം ചോദിക്കാനുള്ള സൗകര്യം കുറയുകയില്ലേ?

Mr J. John Kattakayam: കുറയും:

Mr. M. Govindan: പണത്തിന്റെ അവകാശം ഇതുവരെയുള്ളതിനെ കുറക്കുന്നതല്ലേ മെമ്പർക്കുള്ള അമൻഡുമെൻറ്?

Mr. J. John Kattakayam: കുറക്കുകയൊ കൂട്ടുകയോ ചെയ്യുന്നില്ല. ഇന്നത്തെ നിലക്കിരുന്നാൽ അതു നിമിത്തം പല കേസുകളും ഉണ്ടാകുന്നതാണ്. അങ്ങിനെ വരാതിരിക്കുന്നതിലേക്കാണു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

Mr. K. Madhavan Pillai (*Trivandrum*): ഒരു സ്ത്രീയുടെ അച്ഛനൊ, അമ്മയൊ, ജ്യേഷ്ഠനൊ, അനുജനൊ ഏതെങ്കിലും സംഭാവന ചെയ്യുന്നതായാൽ അതു് സ്ത്രീധനത്തിൽ കുറക്കണമെന്നുണ്ടോ?

Mr. J. John Kattakayam: ഒരിക്കലും വേണ്ട. സംഭാവനയുടെ രൂപം നൽകാവുന്നതാണ്. സ്ത്രീധനം കൊടുക്കേണ്ടതു് മാതാവൊ പിതാവൊ സഹോദരനൊ ആയിരിക്കണം. മുത്തച്ഛനൊ മുത്തമ്മയൊ ഉണ്ടായിരുന്നാലും അവർക്കു കൊടുക്കാൻ സ്വാതന്ത്ര്യമില്ല. ഇതു റഗുലേഷൻകൊണ്ടുണ്ടാകണം. ക്രസ്തീയ കുടുംബങ്ങളിൽ പിതാവിന്റെ വാർദ്ധക്യകാലത്തു പ്രായപൂർത്തിയുള്ള ആണുങ്ങളാണ് കാര്യങ്ങൾ നടത്തുന്നതു്. എന്നാൽ എന്റെ മകളുടെ കല്യാണത്തിന് എന്റെ അപ്പൻ സ്ത്രീധനം കൊടുത്താൽപോരാ. ഞാൻ തന്നെ കൊടുക്കണം. അങ്ങിനെ കൊടുക്കാത്തതൊന്നും ഇന്നു സ്ത്രീധനമായിവരുന്നില്ല.

Mr. Tariatu Kunjitomman: എതു സ്ത്രീധനം കൊടുത്തു എന്നുപസാരത്തിൽ രേഖപ്പെടുത്തുകയില്ലെ?

Mr. J. John Kattakayam: അതിൽ പലവിധത്തിലുമുള്ള കൃത്രിമങ്ങൾ നടന്നുവരുന്നുണ്ടു്. അതു ഇന്നലെ നടന്ന രജിസ്ട്രേഷൻ ഫീസിന്റെ സംഗതി പോലെയാണ്.

അതുകൊണ്ടു വലിയച്ഛനൊ വലിയമ്മയൊ അമ്മയൊ സഹോദരനൊ കൊടുക്കുന്ന ഏതു സ്വത്തും സ്ത്രീധനമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. P. Varghese : അടുത്ത ബന്ധുക്കൾ കൊടുക്കുന്നതു സ്ത്രീധനമാകുമോ?

Mr. J. John Kattakayam : സ്ത്രീധനമായി കൊടുത്തിരുന്നാൽ സ്ത്രീധനമായിരിക്കും. അതല്ലെങ്കിൽ സംഭാവന തന്നെ.

Mr. K. George : സ്ത്രീയുടെ മാതുലൻ കൊടുക്കുന്നതു് സ്ത്രീധനമാകുമോ?

Mr. J. John Kattakayam : മാതുലൻ സ്ത്രീധനമായിട്ടു കൊടുത്താൽ അതും സ്ത്രീധനം തന്നെ. അതല്ലായുള്ളവകകൾ സംഭാവനകളായി സങ്കല്പിക്കണം.

Mr. K. George : അതു കുടുംബത്തിലുള്ള വേറൊരാൾ അല്ലെ?

Mr. J. John Kattakayam : മാതുലൻ അടുത്ത ബന്ധുവാണു്.

Mr. E. P. Varghese: Any relative എന്നുള്ളതിനു അടുത്ത ബന്ധു എന്നാണോ തർജിമ ചെയ്തിരിക്കുന്നതു്?

Mr. J. John Kattakayam: അതു തർജിമ നോക്കി മനസ്സിലാക്കി കൊള്ളണം.

Mr. C. M. Joseph : ഇണങ്ങൻമാർ വഴിയായിട്ടല്ലേ സാധാരണ സ്ത്രീധനം കൊടുത്തുവരുന്നതു്?

Mr. J. John Kattakayam: അങ്ങിനെയും ചിലപ്പോൾ ചെയ്യാറുണ്ടു്. പ്രായേണ അങ്ങിനെയല്ല കാണുന്നതു്.

സ്ത്രീധനം ഇന്നയാൾ തന്നെ കൊടുക്കണം എന്നു നിർബന്ധമുണ്ടു്. അങ്ങിനെ സ്വീകരിക്കുവാൻ വാങ്ങിക്കുന്ന സ്വത്തു അതു സ്ത്രീയുടെ രക്ഷക്കായി ഉപയോഗപ്പെടുത്തിവരുന്നില്ല. അതിനെ ആഡംബരങ്ങൾക്കും വ്യവഹാരങ്ങൾക്കും മറ്റു അനാവശ്യങ്ങൾക്കുമായി ദുർവിനിയോഗം ചെയ്യുന്നു. നല്ല നിലയിലുള്ളവരെ നോക്കി കല്യാണം കഴിച്ചു കൊടുക്കുന്നു എങ്കിലും അതു കുടുംബത്തിനകത്തുള്ള സംഗതികൾ അവർ അറിഞ്ഞുകൂടാ. നാലിലൊന്നു്, മൂന്നിലൊന്നു് എന്നുള്ള അവകാശം പറഞ്ഞിട്ടു ഓരോ കുടുംബത്തിൽനിന്നും സ്ത്രീധനം കൊടുക്കുന്നതു് പുരുഷന്റെ വീതത്തിൽ കവിഞ്ഞ തുകയാണു്. ഉത്തരതിരുവിതാംകൂറിൽ ഇങ്ങനെയാണു നടക്കുന്നതു്. ഇങ്ങനെ കൊടുക്കുന്ന തുക വാങ്ങിക്കുന്നവരുടെ വസ്തുവിൽ മുൻപാർജ്ജയിരിക്കുമെന്നു് നിശ്ചയിച്ചിരുന്നെങ്കിൽ ഈ ക്ഷാമകാലത്തു അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അധികം പ്രയോജനം കിട്ടുമായിരുന്നു. ആരുടെ രക്ഷക്കായി സ്ത്രീധനം വാങ്ങിയൊ അവരുടെ രക്ഷക്കായി തന്നെ അതിനെ ഉപയോഗപ്പെടുത്തണമെന്നും ആ അവകാശം സുരക്ഷിതമാക്കണമെന്നും ഉദ്ദേശിച്ച് ഈ ഭേദഗതി കൊണ്ടു വന്നിട്ടുള്ളതല്ലാതെ ഇപ്പോഴത്തെ റഫ്രലേഷനെ മാറ്റുയാതൊരു ഭേദഗതിയും ചെയ്യണമെന്നു തീരെ വിചാരമില്ല. സ്ത്രീധനം കൊടുക്കുന്ന സ്വത്ത് ഉർവിനിയോഗം ചെയ്യാതെ വച്ചിരുന്നാൽ സ്ത്രീക്കും തന്റെ ഭർത്താവിനും അവരുടെ കുഞ്ഞുങ്ങൾക്കും സുഖമായി ജീവിതം കഴിക്കാൻ സാധിക്കുന്നതാണ്.

Mr. Tariatu Kunjitomman : സ്ത്രീധനം കൊടുക്കുന്ന സ്വത്തുക്കളെ പുരുഷന്മാർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ടിയോഗിച്ച് അഭിവൃദ്ധിപ്പെടുത്തിയാൽ അതു നിമിത്തം കുടുംബാംഗങ്ങൾക്കു കൂടുതൽ ഗുണമല്ലേ ഉണ്ടാകുന്നതു ?

Mr. J. John Kattakayam : ഭൂരിഭാഗം എഴുപത്തഞ്ചുപേരും അങ്ങിനെ ചെയ്യാതെ കടം വീട്ടുന്നതിനും മറ്റു ആഡംബരങ്ങൾക്കുമായി ചെലവാക്കിവരുന്നു.

Mr. Tariatu Kunjitomman : എല്ലാ സ്ത്രീധനങ്ങളേയും അങ്ങിനെയാണോ ചെലവു ചെയ്യുന്നതു് ?

Mr. J. John Kattakayam: വളരെ മുക്കാൽ പേർ ഇങ്ങനെയായി ചെയ്യുന്നുണ്ടായിരിക്കാം. വളരെ മുക്കാൽ ചിലർ സ്ത്രീധനം വാങ്ങി ഭർത്താവിന്റെ പേരിൽ വസ്തു വാങ്ങിക്കുന്നുമുണ്ട്.

Mr. Tariatu Kunjitomman : ആ സ്വത്തു വാങ്ങി കച്ചവടം ചെയ്യാൽ അതു് അഭിവൃദ്ധിപ്പെടുകയില്ലേ?

Mr. J. John Kattakayam: കച്ചവടം ചെയ്യുന്നാശമാണ് പ്രായേണ കണ്ടു വരുന്നതു്. കച്ചവടത്തിന്റെ സ്ഥിതി സുരക്ഷിതമെന്നു പറയുവാൻ ആർക്കും ധൈര്യമില്ല.

Mr. E. P. Varghese: സ്ത്രീധനസ്വത്തുക്കളെ സ്ത്രീയുടെ സമ്മതം കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ലെന്നറിയാമോ?

Mr. J. John Kattakayam : സ്ത്രീയുടെ സമ്മതത്തിനു യാതൊരു പ്രയാസവുമില്ല.

Mr. C. M. Joseph : ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നതു് സ്ത്രീകളുടെ അവകാശം സുരക്ഷിതമാക്കാനാണ് എന്നു പറയുന്നു. അടുത്ത ബന്ധുക്കൾ കൊടുക്കുന്ന സംഭാവനയെ സ്ത്രീധനമായി വകവയ്ക്കുമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John, Kattakayam : സംഭാവന സ്ത്രീധനമായിവ കവയ്ക്കണമെന്നു ഞാനും പറയുകയില്ല. എന്റെ ബില്ലിൽ നോക്കിയാൽ അതിനെപ്പറ്റി അറിയാം.

Mr. C. M. Joseph : ഇവരുടെ അവകാശത്തെ സംരക്ഷിതമാക്കണമെന്ന് മാത്രമേ ഉദ്ദേശമുള്ളോ അതല്ല, ഭർത്താവിന്റെ വസ്തുവിൽ ഇതൊരു മുൻ ചാർജായിരിക്കണമെന്ന് കൂടി അഭിപ്രായമുണ്ടോ?

Mr. J. John Kattakayam : അതെല്ലാം ബില്ലിൽപറഞ്ഞിട്ടുണ്ട്.

ഈ ബില്ലിനെപ്പറ്റി മിസ്റ്റർ ജാർജ് പോലും എതിരഭിപ്രായംപുറപ്പെടുവിച്ചില്ല.

Mr. K George : ഞാൻ രണ്ട് ബില്ലിനേയും എതിർത്തിട്ടുണ്ട്.

Mr. J. John Kattakayam : എന്റെ ബില്ലിനെപ്പറ്റി മാത്രമെ ഞാൻ പറയുന്നുള്ളൂ. രണ്ടിനേയും എതിക്കുന്നു എന്നു പറഞ്ഞശേഷം മി. ഇ. പി. വറുഗീസിന്റെ ബില്ലിനെപ്പറ്റിയാണ് എതിത്തു സംസാരിച്ചിട്ടുള്ളത്.

Mr. E. I. Mathew: അപ്പൻ ജീവിച്ചിരിക്കെ മകന് വല്ല സ്വത്തും കിട്ടുന്നുണ്ടോ?

Mr. J. John Kattakayam : വസ്തു ഉള്ളവനും ഉണ്ട് ഇല്ലാത്തവനും ഉണ്ട്.

Mr. E. I. Mathew: വസ്തു ഇല്ലാത്ത ആളിന്റെ വസ്തുവിൽഎങ്ങിനെ ചാർജ വരുത്താം.

Mr. J. John Kattakayam: ചോദ്യം മനസ്സിലായില്ല.

Mr. E. I. Mathew : സ്ത്രീധനം ഭർത്താവിന്റെ വസ്തുവിന്മേൽ ചാർജായിരിക്കണമെന്നു പറഞ്ഞു. വിവാഹം കഴിക്കുമ്പോൾ അയാൾക്കു വസ്തു കിട്ടുന്നില്ല എന്നറിയാമോ?

Mr. J. John Kattakayam : ഭർത്താവിന്റെ സ്വത്തിന്മേൽ ചാർജായിരിക്കണമെന്ന് എന്റെ ബില്ലിലില്ല. പണം വാങ്ങിക്കുന്ന ആളിന്റെ സ്വത്തിൽ മുൻചാർജായിരിക്കുമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

Mr. E. I. Mathew : കല്യാണത്തിനു സാധാരണയായി പണം വാങ്ങിക്കുന്നതു ഭർത്താവിന്റെ അപ്പൻ അല്ല വേറെ ആളായിരിക്കും എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam : വലിയപ്പന്റെ കയ്യിൽകൊടുക്കും.

Mr. E I. Mathew : ഈ രണ്ടുമല്ലാത്ത ആളിന്റെ കയ്യിൽ സ്ത്രീധനം കൊടുക്കുന്നില്ലേ?

Mr. J. John Kattakayam : അങ്ങിനെ വല്ലവരുടേയും കയ്യിൽ സ്ത്രീധനം കൊടുക്കുന്ന പതിവു സുപരിചിതമല്ല.

Mr. E. I. Mathew : ഇണങ്ങന്മാർ വാങ്ങിക്കുന്ന പതിവില്ലേ?

Mr. J. John Kattakayam: അങ്ങിനെ വളരെ അപൂർവമായിട്ടെ നടക്കുന്നുള്ളൂ. വഴിയാത്രക്കാരുടെ കയ്യിലല്ല പണം കൊടുക്കുന്നത്. അടുത്ത ആളുകളുടേയൊ ഇണങ്ങരുടേയൊ കയ്യിൽ കൊടുക്കാം.

Mr. C M. Joseph : അടുത്ത ആളുകൾ ഇല്ലെങ്കിൽ വഴിയാത്രക്കാരുടെ കയ്യിൽ സ്ത്രീധനം കൊടുക്കുമോ?

Mr. J. John Kattakayam : കൊടുക്കുമോ എന്നു ചോദിക്കുന്നതു് എവിടെയാണു്?

Mr. C. M. Joseph : മെമ്പറിന്റെ സ്വദേശത്തു സ്ത്രീധനം വാങ്ങിക്കുന്നതിനു അടുത്ത ആളുകൾ ഇല്ലെങ്കിൽ വഴിയാത്രക്കാക്കു കൊടുക്കുന്നുണ്ടൊ?

Mr. J. John Kattakayam : ഈ ചോദ്യം ബില്ലുമായി യാതൊരു ബന്ധവുമില്ലാത്തതാണു്.

ഇനി കഴിഞ്ഞപ്രാവശ്യം ഈ ബില്ലിനെപ്പറ്റി പറഞ്ഞിട്ടുള്ളവരുടെ അഭിപ്രായത്തെ വിമർശിക്കേണ്ടതായിട്ടുണ്ടു്. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുന്നതു പരിശോധനക്കായി ഈ ബില്ലിനെ സിലക്ട് കമ്മറ്റിക്കു അയക്കാൻ പാടില്ലെന്നും തിരുവിതാംകൂറിലെ ജനസഭയത്തിന്റെ മൂന്നിലൊരുഭാഗം വരുന്ന ക്രസ്ത്യാൻസമുദായത്തിന്റെ ആവശ്യം വ്യക്തപ്പെടുത്തുന്ന ഒരു പൊതുസ്വരം ഉണ്ടാകാത്തിടത്തോളംകാലം ഇപ്പോഴത്തെ നിയമം ഭേദപ്പെടുത്തേണ്ട എന്നുമാണു്. ഇങ്ങനെയാണെങ്കിൽ പത്രങ്ങളിൽ കാണുന്ന അഭിപ്രായമാണോ നിയമസമിതിയിൽ വരുന്നതു്? അല്ല, സമുദായത്തിന്റെ അഭിപ്രായമനുസരിച്ചാണു് ഓരോ നിയമങ്ങൾ വരുന്നതു്.

Mr. K. George : സമുദായത്തിന്റെ അഭിപ്രായമനുസരിച്ചാണോ ഇയ ബിൽ കൊണ്ടുവന്നിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: എല്ലാ പത്രങ്ങൾക്കും ഈ ബില്ല് അയച്ചുകൊടുത്തു. വിപരീതമായി ആരും ഒന്നും പറഞ്ഞിട്ടില്ല. ഗസറ്റിൽ പരസ്യംചെയ്തു. ഈ അവസരങ്ങളിൽ ഇതു തെറ്റാണെന്ന സമുദായം പറഞ്ഞിട്ടില്ല.

Mr K. George: ഇപ്പോൾ നിലവിലിരിക്കുന്ന റഗുലേഷൻ എങ്ങനെ ഉണ്ടായി എന്നറിയാമോ?

Mr. J. John Kattakayam: ഇങ്ങനെ ഒരു റഗുലേഷന്റെ ആവശ്യമുണ്ടെന്നു ഗവണ്മെന്റിനു തോന്നി; ചില വ്യക്തികളുടെ ആവശ്യപ്രകാരം റഗുലേഷൻ ഉണ്ടാക്കി.

Mr. C. M. Joseph: ഈ ബിൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ എതിർക്കാതിരുന്നിട്ടുള്ളതു് ക്രിസ്ത്യൻ മെമ്പറന്മാർ ഇതിനെ പാസ്സാക്കുകയില്ലെന്നു മറുള്ളവർ വിചാരിച്ചതുകൊണ്ടായിരിക്കുകയില്ലെ?

Mr. J. John Kattakayam: മൌനം സമ്മതമാണെന്നുള്ളതു മനസ്സിലാക്കീട്ടില്ലെന്നു തോന്നുന്നു.

Mr. Tariatu Kunjitomman: ക്രിസ്ത്യാനികൾക്കു മരു നിയമം വേണമെന്നു മുമ്പിലത്തെ പ്രജാസഭയിൽ വാദിക്കുകയും അതിന്റെ ആവശ്യമുണ്ടെന്നു ഗവണ്മെന്റിനു ബോദ്ധ്യമാകുകയുംചെയ്തതിനാൽ അതിലേക്ക് ഒരു കമ്മറ്റി ഏർപ്പെടുത്തി അവർ രാജ്യം ഒട്ടുക്കു സഞ്ചരിച്ചു സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കിയതിനുശേഷം ഇന്നത്തെ റഗുലേഷൻ ഉണ്ടാക്കിയതാണെന്ന് അറിയാമോ?

Mr. J John Kattakayam: രാജ്യം ഒട്ടുക്ക് അവർ സഞ്ചരിച്ചിട്ടില്ല. അവരുടെ സൌകര്യംപോലെ ചെയ്തു.

Mr. E. P. Varghese: അതിനുമുമ്പ് ഇങ്ങനെ ഒരു ബിൽ ഇല്ലായിരുന്നു എന്നറിയാമോ?

Mr. J. John Kattakayam: അതിനെപ്പറ്റിയല്ല ഇവിടെ പറയുന്നതു്.

മിസ്റ്റർ കുഞ്ഞിത്തൊമ്മൻ എന്റെ ബിൽ ശരിയായി വായിച്ചിട്ടില്ലെന്നു തോന്നുന്നു. അടുത്തതായി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുന്നതു് "സംഭാവനയായി വധുവിനു നൽകപ്പെടുന്ന തുക വാസ്തവത്തിൽ കിട്ടേണ്ട സ്ത്രീധനത്തിൽനിന്നും കുറയുകയില്ല, ബന്ധുക്കൾ കൊടുക്കുന്ന ഇഷ്ടദാനം സ്ത്രീധനമാക്കുന്നതു കുഴപ്പമല്ലെ," എന്നാണു്. സംഭാവനയായി കൊടുക്കുന്നതു വാസ്തവത്തിൽ കിട്ടേണ്ട സ്ത്രീധനത്തിൽനിന്നും കുറയുമെന്നു ഞാൻ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. George: അങ്ങനെ പറഞ്ഞിട്ടുണ്ട്.

Mr. Tariatu Kunjitomman: പാരിതോഷികം കൊടുത്താൽ അതു് സ്ത്രീധനത്തിൽ കുറയുകയില്ല. അതിലേക്കു് ഒരു നിയമം ഉണ്ടാക്കുന്നതു് അഭിമാനകരമല്ലാ.

Mr. J. John Kattakayam: പാരിതോഷികമായി തന്നെയിരിക്കും. അതു് സ്ത്രീധനത്തിൽ കുറക്കണമെന്നു വിചാരമുള്ളവരാരും പറയുകയില്ല. സ്ത്രീധനം വാങ്ങിക്കുന്ന ആളിന്റെ സ്വത്തിൽ സ്ത്രീധനമായി പാരിതോഷികം വല്ലതുമുണ്ടെങ്കിൽ അതിനുംപുറമെ വാങ്ങുന്ന സ്ത്രീധനം അതു് മുൻചാർജായിരിക്കണമെന്നു് പറയുന്നതു് ശരിയല്ലെന്നും അപൂർവം ചിലർ മാത്രമെ സ്വത്തിനെ നശിപ്പിക്കുന്നുള്ളു എന്നും അദ്ദേഹം പറയുന്നു. അപൂർവം ചിലരെങ്കിലും സ്വത്തുക്കളെ നശിപ്പിച്ചുവരുന്നുണ്ടെന്നു് അദ്ദേഹംതന്നെ സമ്മതിക്കുന്നു.

Mr E. I. Mathew: ഇപ്പോഴത്തെ റഗുലേഷൻ വരുന്നതിനു് മുമ്പു് ഇതിനെപ്പറ്റിയുള്ള നടപ്പു് എങ്ങനെ ആയിരുന്നു എന്നറിയാമോ?

Mr. J John Kattakayam: മുമ്പുള്ള നടപ്പു് എങ്ങനെ ആയിരുന്നു എന്നു് പറഞ്ഞാൽ അറിയാം. അനുഭവത്തിൽ വന്നിട്ടുള്ള അത്യാവശ്യങ്ങളെപ്പറ്റിയാണു് ഇവിടെ പറയുന്നതു്.

Mr. E. I. Mathew: മുമ്പു് സ്ത്രീധനം കൊടുക്കുന്ന സ്വത്തുക്കളെ സംരക്ഷിക്കുന്ന വിധത്തെപ്പറ്റി യാതൊരുനടപ്പും ഇല്ലാതിരുന്നു എന്നാണോ മെമ്പർക്കുള്ള അഭിപ്രായം?

Mr. J. John Kattakayam: പ്രത്യേകമായി അതിനു യാതൊരുനടപ്പും ഇല്ലാതിരുന്നു. സ്ത്രീധനം കൊടുക്കണമെന്നുനിർബന്ധമുണ്ടു്. അതു അതു് ആക്കുവേണ്ടിവാങ്ങുന്നവൊ അതു ആർക്കതു പ്രയോജനപ്രദമായി തീരണമെന്നാണു് ഈ ബിൽ പ്രത്യക്ഷപ്പെടുത്തുന്നതു്.

Mr. E. I. Mathew: സ്ത്രീധനം കൊടുക്കുന്നസ്വത്തു് ട്രസ്റ്റ് ആയിരിക്കണമെന്നു് വാദിച്ചിട്ടുള്ളതായി അറിയാമൊ?

Mr. J. John Kattakayam: അങ്ങനെ കാണുമായിരിക്കാം.

Mr. E. I. Mathew: ഹൈക്കോടതിയിൽ നടന്ന പഞ്ഞിക്കാരൻകേസിലെ വിധി എങ്ങനെ ആണെന്നറിയാമോ?

Mr. J. John Kattakayam: പണ്ഡിതനായ ലാമെമ്പർക്കതന്നെ അതു് നിശ്ചയമുണ്ടൊ എന്നു് സംശയമാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

മിസ്റ്റർ ജോസഫ് പറഞ്ഞിട്ടുള്ള അഭിപ്രായത്തെപ്പറ്റി രണ്ടു വാക്ക് പറയേണ്ടതുണ്ട്. ഇങ്ങനെ ഒരു ബില്ലിന്റെ ആവശ്യമുണ്ടെന്ന് സമുദായം അറിഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറയുന്നു. എന്നാൽ സമുദായത്തിന്റെ അഭിപ്രായം അനുസരിച്ചല്ല ഇവിടെ പ്രവർത്തിക്കുന്നത്. ഇതിനെ സംബന്ധിച്ച് വേറെ ഒരു ബില്ലും ഈ ഹൗസിൽവന്നിട്ടുണ്ട്. യാതൊരു പ്രക്ഷോഭണവും ഇതുനിമിത്തം ഉണ്ടായിട്ടില്ല. നല്ല കട്ടം ബങ്കളുമായി ബാന്ധവം വേണമെങ്കിൽ നല്കുക കൊടുക്കണമെന്ന് മിസ്റ്റർ ജോസഫ് പറയുന്നു. റഗുലേഷനെ സംബന്ധിച്ചുള്ള ജ്ഞാനക്കുറവുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. സ്ത്രീധനം കൊടുക്കുന്നതുകൊണ്ടുവാങ്ങുന്നവരോ അയാളുടെ സ്ഥാവര വസ്തുക്കളിൽ മുൻചാർജായിരിക്കുമെന്ന് മാത്രമെ എനിക്കഭിപ്രായമുള്ളൂ.

The House adjourned for lunch at 1 P. M. and met again at 2 P. M. with Mr. N. Ramakrishna Pillai, one of the panel of Chairmen, in the Chair.

Mr. J. John Kattakayam: സർ, അതുതന്നെ ഒരു സ്ത്രീക്ക് സംഭാവനചെയ്താലും അതു സ്ത്രീധനമായി വകവയ്ക്കണമെന്നു എന്റെ ബില്ലിൽ പറഞ്ഞിട്ടുള്ളതായി പലമെമ്പർമാരും പറഞ്ഞു. അങ്ങനെ ഒരു പദം ഞാൻ ഇതുവരെ പ്രയോഗിച്ചിട്ടില്ല. ഇപ്പോഴത്തെ നിലവിലിരിക്കുന്ന റഗുലേഷൻ അനുസരിച്ചു അച്ഛനോ, അമ്മയോ, അല്ലെങ്കിൽ സഹോദരനോ കൊടുക്കുന്നതു സ്ത്രീധനമാണെന്നാണ് റഗുലേഷൻ കൊണ്ടുകാണുന്നതു്. മുത്തച്ഛനോ മുത്തമ്മയോ കൊടുത്താൽ അതു സ്ത്രീധനമാവുകയില്ല. ക്രസ്ത്യാനികുടുംബങ്ങളിൽ പെൺകുട്ടികളുടെ മാതാപിതാക്കന്മാർ ജീവിച്ചിരിക്കുമ്പോഴാണ് മുത്തച്ഛനോ, മുത്തമ്മയോ അധികം സ്വത്തു കൈകാര്യം ചെയ്യുന്നതു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സ്ത്രീധനം കൊടുക്കേണ്ടതും അവർതന്നെയാണ്. സ്ത്രീധനം കൊടുക്കാൻ ഇങ്ങനെ വിളിച്ചുകൊണ്ടുപോക എന്നുള്ളതു വളരെ ദുർല്ലഭമാണ്, അതായതു സ്വന്തമായുള്ളതു കിട്ടാതെ വരുന്ന സന്ദർഭത്തിലല്ലാതെ ഇങ്ങനെ വിളിച്ചുകൊണ്ടുപോകയില്ല. പണത്തിന്റെ ഉടമസ്ഥന്മാരായ പിതാവോ അല്ലെങ്കിൽ മുത്തച്ഛനോ അടുത്തുണ്ടായിരിക്കും. ഈ വാസ്തവത്തെയെല്ലാം മറച്ചുവച്ചു എന്റെ മന്യസ്നേഹിതന്മാർ ഇത്തരത്തിൽ പറഞ്ഞതിൽ ഞാൻ തുലോം അതിശയിക്കുതന്നെ ചെയ്യുന്നു.

എന്റെ ബില്ലിനെ എതിർത്തു സംസാരിച്ചതു മി. സി. എം. ജോസഫും മി. കുഞ്ഞിത്തൊമ്മനുമാകുന്നു. അവർ വാസ്തവത്തിൽ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലൊന്നുവായിച്ചു നോക്കിയിട്ടു സംസാരിച്ചിരുന്നുവെങ്കിൽ എനിക്കു സങ്കടമില്ലായിരുന്നു. അതു ചെയ്യാതെ ഞങ്ങളെപ്പോലെയുള്ള സമുദായ പ്രമാണികളുടെ സ്ഥിതിക്ക് ഇവനാണല്ലോ ഈ ബില്ലു കൊണ്ടുവന്നതു എന്നുള്ള ഒരു ഉദ്ദേശത്തോടുകൂടിയാണ് അവർ അതിനെ എതിർത്തതു്. അതേ ഉദ്ദേശംതന്നെ മി. കെ. ജാർജിനും ഉണ്ടായിരിക്കണം. സമുദായ പ്രമാണികൾ എന്നു സ്വയം അഭിമാനിച്ചുനടക്കുന്നവർക്കു ഞാൻ കീഴടങ്ങിയിട്ടില്ല. എന്റെ സമുദായത്തിൽ, അതെ ക്രസ്ത്യാൻസമുദായത്തിൽ, സമുദായ പ്രമാണികളായി അനേകങ്ങളുള്ളതായി എനിക്കറിവില്ല. ക്രസ്ത്യാനിസമുദായസാഗരത്തിൽ കിടക്കുന്ന നെറിപ്പൊന്നൻ (ഇതു ഒരു തരം മത്സ്യമാണു്) ആണല്ലോ ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നതെന്നുള്ള അവജ്ഞയാണ് ഈ ബഹളങ്ങൾക്കെല്ലാം കാരണമെന്നുകാണാം.

Mr E. I. Mathew: 'മാനത്തിക്കണ്ണൻ' എന്നു പറയുന്നതാണോ അതു്?

Mr. J. John Kattakayam: മാനത്തിക്കണ്ണനോ മീനത്തിൽ കണ്ണനോ ഭൂമിയിൽ കണ്ണനോ എന്നാണും എനിക്കു നിശ്ചയമില്ല.

Mr. Komilezhathu Sankaran: അതു സാധാരണ കയങ്ങളിലാണോ കാണാറുള്ളതു്?

Mr. J John Kattakayam: കയങ്ങളിലും കാണും. എന്നാൽ കട്ടക്കയങ്ങളിൽ കാണുകയില്ല. (ചിരി)

ക്രസ്ത്യാനി സമുദായസാഗരത്തിൽ വലിയ മുതലകളും തിമിംഗലം മുതലായ മത്സ്യങ്ങളുമുണ്ട്. സ്ഥിതിക്കു ഈ ബില്ലു് മാനത്തിക്കണ്ണനോ ഭൂമിയിൽക്കണ്ണനോ അതല്ല ഒരു വ്യക്തിയാണോ കൊണ്ടുവരുന്നതെന്നുള്ള അസൂയാപരമായ ഒരു ദൃഷ്ടിയോടുകൂടിയാണ് എന്റെ ബില്ലിനെ വീക്ഷിച്ചു അവർ സംസാരിച്ചതു്. മി. ഇ. പി. വർഗീസിന്റെ ബില്ലിനെയാണ് മി. ജാർജ് അനുപാദമൂഡം നിരൂപണം ചെയ്തിട്ടുള്ളതു്. ഞാൻ ആ ബില്ലു മുഴുവനും വായിച്ചുനോക്കി.

Mr. E I. Mathew; അതു ഇംഗ്ലീഷിലല്ലേ?.

Mr. J. John Kattakayam: പണ്ഡിതനായ ഒരാളിനെക്കൊണ്ടു വായിപ്പിച്ചു ഞാൻ മനസ്സിലാക്കി. ഞാൻ അതു മനസ്സിലാക്കിയിടത്തോളം മി. വർഗ്ഗീസിനു സ്വന്തനിലയിൽ എന്റെ ബില്ലിനെസംബന്ധിച്ചു് അഭിപ്രായവ്യത്യാസമില്ലെന്നാണ് എനിക്കു തോന്നിയതു്. എന്നാൽ സമുദായത്തിന്റെ അഭിപ്രായവും അതിന്റെ ആഭിമുഖ്യവും അറിഞ്ഞുവേണം പ്രവർത്തിക്കുവാൻ എന്നാകുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഞാൻ അദ്ദേഹത്തോടു വിനീതനായി ഒന്നു ചോദിച്ചുകൊള്ളട്ടെ. ഈ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J, John Kattakayam.]

കാലത്ത് ഏതെല്ലാം തരത്തിലുള്ള പ്രക്ഷോഭങ്ങളുണ്ടായി. അതിൽ സമുദായനേതാക്കന്മാരും പ്രമാണികളും എന്തുകൊണ്ടു മുന്നോട്ടു വന്നില്ല. മതാദ്ധ്യക്ഷന്മാരും സമുദായനേതാക്കന്മാരും മറവും ഉറങ്ങിക്കിടക്കുകയായിരുന്നുവൊ?

Mr. Komilezhathu Sankaran: മെമ്പറുടെ സമുദായം ഏതാണ്?.

Mr. J John Kattakayam: കുസ്തന്യാനിസമുദായത്തിന്റെ അവാന്തരവിഭാഗങ്ങളിൽ ഒന്നായ 'റോമൻകത്തോലിക്കാ' വടക്കുഭാഗം സുറിയാനിസമുദായമാണ്. ഈ നാമം. മലമ്പാമ്പുപോലെ നീണ്ടുകിടക്കുന്ന ഒന്നാണ്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സമുദായത്തിന്റെ അഭിപ്രായങ്ങളൊ ആദർശങ്ങളൊ ചോദിക്കേണ്ട ആവശ്യമില്ല. ഒരു ബില്ലിന്റെ ആവശ്യകത വരുമ്പോൾ അതു് ഏതുവ്യക്തിക്കും കൊണ്ടുവരാം. ഹിന്ദുലായെ സംബന്ധിച്ചതന്നെ എനിക്കെന്തുകൊണ്ടു ഒരു ബിൽ കൊണ്ടുവരാൻ പാടില്ല. പലേ ബില്ലുകളും ഇവിടെ വന്നപ്പോൾ എനിക്കു പലതും പറയാൻ കഴിയുമെങ്കിലും ഞാൻ ഒന്നും പറഞ്ഞില്ല. പരിമിതമായ സമയത്തെ കളയണ്ടാ എന്നു വിചാരിച്ചാണ് ഞാൻ ഒന്നും പറയാത്തതു്. അതുകൊണ്ടുതന്നെയാണ് ഇന്നു പല ചോദ്യങ്ങൾക്കും ഉപചോദ്യവും ചോദിക്കാത്തതു്. ബില്ലിനെപ്പറ്റി എത്ര നേരം വേണമെങ്കിലും സംസാരിക്കാമെന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

Chairman: അഞ്ചുമിനിട്ടേ നിങ്ങൾക്കനുവദിച്ചിട്ടുള്ളു. പ്രസിഡൻറ് അഞ്ചു മിനിട്ടേ മതിയു എന്നു പറഞ്ഞുപോയതുകൊണ്ട് അതിൽ കൂടുതൽ എടുക്കാൻ പാടില്ല.

Mr. J. John Kattakayam: സ്ത്രീധനം കൊടുക്കുന്നതിൽ നിയമമുള്ളതുകൊണ്ട് അതിനെ വാങ്ങുന്നയാൾ വിനിയോഗിക്കുന്നതിനും ഒരു നിയമം വേണമെന്നുള്ളതാണ് എന്റെ ഉദ്ദേശം.

Chairman: സമയം കഴിഞ്ഞു.

Mr. E. P. Varghese: Sir, I have been listening to the arguments advanced in support of my Bill as well as against it. I must say that I am not in the least convinced by the arguments advanced by those who opposed my Bill. Those arguments are based more upon sentiment than upon reason. But, in social legiilation, in communal legislation, I do not think it will be proper on my part to show any disrespect to the sentiments of the members

LIBRARY ARCHIVES Kerala Legislative Assembly

of the community. All the Christian members who spoke on my Bill have unanimously opposed it. Therefore I think it is better I withdraw it. It is only in deference to the sentiments expressed by the Christian members that I propose to withdraw my Bill. I seek the permission of the House to withdraw it

The Bill was, by leave, withdrawn.

Mr. J. John Kattakayam : ഞാൻ എന്റെ ബില്ല് പിൻവലിക്കുന്നില്ല.

The question that Mr. Kattakayam's Bill be read in Council was put to vote and lost.

Mr. J. John Kattakayam : ഞാൻ ഒരു പോൾ ആവശ്യപ്പെടുന്നു

A poll was taken, and the House divided as follows :

AYES—2.

1	Mr. J. John Kattakayam	2	Mr. E. I. Mathew

NOES—8.

1	Mr. V. S. Arumukham Pillai	5	Mr. Komilezhathu Sankaran
2	,, K. George	6	,, T. C. Tomman
3	,, C. M. Joseph	7	,, G. B. E. Truscott
4	,, Tariatu Kunjitomman	8	,, E. P. Varghese

NEUTRALS—14.

1	Mr. Kochikal P. Balakrishnan Tampi	8	Mr. N. K. Padmanabha Pillai (Director of Industries.)
2	,, H. O. L. Marikar	9	Mr. Kayalam Paramesvaran Pillai
3	,, G. Narayana Aiyar	10	,, M. N. Paramesvaran Pillai
4	,, K. P. Nilakanta Pillai	11	,, S. Piraviperumal Pillai
5	,, R. Nilakanta Pillai	12	,, R. Pitchu Aiyengar
6	,, K. Padmanabha Panicker	13	,, K. Rama Varma Raja
7	,, N. K. Padmanabha Pillai (Neyyattinkara)	14	,, K. Sankaralingom Pillai

The motion was declared lost, 2 voting *for*, 8 *against* and 14 remaining *neutral*.

THE TRAVANCORE LIMITATION REGULATION (AMENDMENT) BILL.

Mr. G. Narayana Aiyar : Sir, I beg to introduce a Bill to amend the Travancore Limitation Regulation VI of 1100.

Mr. E. P. Varghese I second it.

Mr. Kayalam Paramesvaran Pillai : A member, when he introduces his Bill, has also to speak on the principles of the Bill,

LIBRARY ARCHIVES Kerala Legislative Assembly